**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2412** **12-10-2021 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വരുമാന കമ്മി ഗ്രാന്റ് ഘട്ടം ഘട്ടമായി ഓരോ വർഷവും കുറച്ച് കൊണ്ടുവരുന്ന കേന്ദ്രസർക്കാർ സമീപനവും ജി.എസ്.ടി. നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള കാലാവധി നീട്ടാത്തതും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിൽ ഗുരുതര പ്രത്യാഘാതമുണ്ടാക്കുമെന്നതിനാൽ ഫെഡറൽ തത്വങ്ങൾക്കനുസൃതമായ യുക്തിസഹ നിലപാട് സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ; | (എ) | 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം റവന്യൂ കമ്മി ഗ്രാന്റ് 19891 കോടി രൂപ (2021-22), 13174 കോടി രൂപ (2022-23), 4749കോടി രൂപ (2023-24) എന്നീ രീതിയിൽ കുറഞ്ഞു വരുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിക്കാനിടയുണ്ട്. 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനത്തിന്റെ നികുതി വിഹിതം 2.5%-ൽ നിന്ന് 1.943% ആയും (2020-21 റിപ്പോർട്ട്) തുടർന്ന് 1.925% ആയും (2021-26 റിപ്പോർട്ട്) കുറഞ്ഞിട്ടുണ്ട്. കോവിഡ് പ്രതിരോധത്തിനും ജനങ്ങൾക്ക് ആശ്വാസ നടപടികൾ എത്തിക്കുന്നതിനും കൂടുതൽ തുക ചെലവഴിക്കേണ്ട സാഹചര്യത്തിൽ നികുതി വിഹിതം കുറയുന്നത് സംസ്ഥാനത്തിന്റെ ധനകാര്യ പ്രതിസന്ധിയുടെ ആക്കം വർദ്ധിക്കുന്നതിനും വികസനം മന്ദീഭവിക്കുന്നതിനും ഇടയായിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകളിന്മേലുള്ള (2021-26) നടപടി റിപ്പോർട്ട് കേന്ദ്ര സർക്കാർ 2021 ഫെബ്രുവരി 1-ന് പാർലമെന്റിൽ സമർപ്പിക്കുകയും ആയത് പാർലമെന്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 19.01.2021-ൽ കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന 2021-22 വർഷത്തിലെ കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള (Pre-Budget Speech) യോഗത്തിൽ വർദ്ധിച്ചുവരുന്ന സെസ് മൂലമുള്ള കേന്ദ്ര നികുതി വിഹിതത്തിലെ നഷ്ടം സംസ്ഥാനം ഉന്നയിക്കുകയും ഇത് പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ യുക്തിരഹിതമായ പരിഗണനാ വിഷയാടിസ്ഥാനത്തിൽ തയ്യാറാക്കിയ 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം | (ബി) | 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം റവന്യൂ കമ്മി ഗ്രാന്റ് 19891 കോടി രൂപ (2021-22), 13174 കോടി രൂപ (2022-23), 4749കോടി രൂപ |

| | | | |
|---|---|---|---|
| | സംസ്ഥാനത്തിന്റെ നികുതി വിഹിതം 2.5 ശതമാനത്തിൽ നിന്ന് 1.9 ശതമാനം ആയി കുറയുന്നത് കാരണം സംസ്ഥാനത്ത് വികസനം മന്ദീഭവിക്കാനിടയുണ്ടോ; | | (2023-24) എന്നീ രീതിയിൽ കുറഞ്ഞു വരുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിക്കാനിടയുണ്ട്. 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനത്തിന്റെ നികുതി വിഹിതം 2.5%-ൽ നിന്ന് 1.943% ആയും (2020-21 റിപ്പോർട്ട്) തുടർന്ന് 1.925% ആയും (2021-26 റിപ്പോർട്ട്) കുറഞ്ഞിട്ടുണ്ട്. കോവിഡ് പ്രതിരോധത്തിനും ജനങ്ങൾക്ക് ആശ്വാസ നടപടികൾ എത്തിക്കുന്നതിനും കൂടുതൽ തുക ചെലവഴിക്കേണ്ട സാഹചര്യത്തിൽ നികുതി വിഹിതം കുറയുന്നത് സംസ്ഥാനത്തിന്റെ ധനകാര്യ പ്രതിസന്ധിയുടെ ആക്കം വർദ്ധിക്കുന്നതിനും വികസനം മന്ദീഭവിക്കുന്നതിനും ഇടയായിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകളിന്മേലുള്ള (2021-26) നടപടി റിപ്പോർട്ട് കേന്ദ്ര സർക്കാർ 2021 ഫെബ്രുവരി 1-ന് പാർലമെന്റിൽ സമർപ്പിക്കുകയും ആയത് പാർലമെന്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 19.01.2021-ൽ കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന 2021-22 വർഷത്തിലെ കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള (Pre-Budget Speech) യോഗത്തിൽ വർദ്ധിച്ചുവരുന്ന സെസ് മൂലമുള്ള കേന്ദ്ര നികുതി വിഹിതത്തിലെ നഷ്ടം സംസ്ഥാനം ഉന്നയിക്കുകയും ഇത് പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഈ പ്രതിസന്ധി പരിഹരിക്കാൻ സംസ്ഥാനം കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത നിവേദനത്തിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്; ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ പ്രതികരണം എന്തായിരുവെന്ന് അറിയിക്കാമോ? | (സി) | 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം റവന്യൂ കമ്മി ഗ്രാന്റ് 19891 കോടി രൂപ (2021-22), 13174 കോടി രൂപ (2022-23), 4749കോടി രൂപ (2023-24) എന്നീ രീതിയിൽ കുറഞ്ഞു വരുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിക്കാനിടയുണ്ട്. 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനത്തിന്റെ നികുതി വിഹിതം 2.5%-ൽ നിന്ന് 1.943% ആയും (2020-21 റിപ്പോർട്ട്) തുടർന്ന് 1.925% ആയും (2021-26 റിപ്പോർട്ട്) കുറഞ്ഞിട്ടുണ്ട്. കോവിഡ് പ്രതിരോധത്തിനും ജനങ്ങൾക്ക് ആശ്വാസ നടപടികൾ എത്തിക്കുന്നതിനും കൂടുതൽ തുക ചെലവഴിക്കേണ്ട സാഹചര്യത്തിൽ നികുതി വിഹിതം കുറയുന്നത് സംസ്ഥാനത്തിന്റെ ധനകാര്യ പ്രതിസന്ധിയുടെ ആക്കം വർദ്ധിക്കുന്നതിനും വികസനം മന്ദീഭവിക്കുന്നതിനും ഇടയായിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകളിന്മേലുള്ള (2021-26) നടപടി റിപ്പോർട്ട് കേന്ദ്ര സർക്കാർ 2021 ഫെബ്രുവരി 1-ന് പാർലമെന്റിൽ സമർപ്പിക്കുകയും ആയത് പാർലമെന്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 19.01.2021-ൽ കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന 2021-22 വർഷത്തിലെ കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള (Pre-Budget Speech) യോഗത്തിൽ വർദ്ധിച്ചുവരുന്ന സെസ് മൂലമുള്ള കേന്ദ്ര നികുതി വിഹിതത്തിലെ നഷ്ടം സംസ്ഥാനം ഉന്നയിക്കുകയും ഇത് പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ